പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1136

01.07.2015-ൽ
മറുപടിയ്ക്ക്

# ഫ്ലയർ (FLAIR) പദ്ധതി

**ചോദ്യം**

**മറുപടി**

ശ്രീ.ഡൊമനിക് പ്രസന്റേഷൻ
ശ്രീ.അൻവർ സാദത്ത്
ശ്രീ.വർക്കല കഹാർ
ശ്രീ.ടി.എൻ.പ്രതാപൻ :

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഫ്ലെയർ (Fostering Linkage In Academic Innovation and Research) പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ആരെല്ലാമായി സഹകരിച്ചാണ് നടത്തുന്നത് ; | (ബി) | ഫ്ലെയർ പദ്ധതിക്ക് രണ്ട് ലക്ഷ്യങ്ങൾ ഉണ്ട്.<br>1. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിലും സർവ്വകലാശാല വകുപ്പുകളിലും പുതിയതായി പ്രവേശിച്ച അദ്ധ്യാപകർക്ക് മികച്ച രീതിയിലുള്ള അദ്ധ്യാപന പരിശീലനവും അദ്ധ്യാപനത്തിലും ഗവേഷണത്തിലും മികച്ച ദേശീയ/ അന്തർദേശീയ സ്ഥാപനത്തിൽ പരിശീലനവും പദ്ധതി പ്രകാരം നൽകുന്നു. അഞ്ച് വർഷത്തിൽ താഴെ സർവ്വീസുള്ള ഇനിയും 20 വർഷമെങ്കിലും സർവ്വീസ് ഉള്ളവരുമായ യുവ അദ്ധ്യാപകരെയാണ് ഫ്ലെയർ പരിശീലനങ്ങൾക്ക് തെരഞ്ഞെടുത്തിട്ടുള്ളത്.<br>2. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉന്നത നിലവാരത്തിലുള്ളതും നൂതനവുമായ ആശയങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും പ്രചോദനം നൽകുവാനും പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>ഫ്ലെയർ പദ്ധതി ദേശീയ തലത്തിൽ ഹൈദ്രാബാദ് എഫ്ളു (EFLU) ഐ.ഐ.റ്റി. മദ്രാസ്, ഐ.ഐ.റ്റി. മുംബൈ, ബാംഗ്ലൂരിലെ സെന്റർ ഫോർ നാനോ സയൻസ് ആൻഡ് എൻജിനീയറിംഗ്, Indian Institute of |

| | | | |
|---|---|---|---|
| | | | Science, TATA Institute of Social Science, Mumbai; National Institute of Technology, Bhopal; University of Delhi, ഐ.ഐ.ടി. ഗുവഹാത്തി, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, ജെ.എൻ.യു., തുടങ്ങിയ സ്ഥാപനങ്ങളുമായും അന്തർദേശീയ തലത്തിൽ ബ്രിട്ടീഷ് കൌൺസിൽ, ഹയർ എഡ്യൂക്കേഷൻ അക്കാദമി, യു.കെ., ബ്രിട്ടണിലെ ഷെഫീൽഡ് ഹള്ളാം, സൌതാപ്റ്റൻ റോഹാമറ്റൻ, ആംഗ്ലിയാ റസ്കിൻ, ദർഹാം തുടങ്ങിയ സർവ്വകലാശാലകളുമായി ചേർന്ന് സഹകരിച്ച് പരിശീലനം നടത്തി വരുന്നു. |
| (സി) | പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ ഒരുക്കിയിട്ടുള്ള സംവിധാനം വിശദമാക്കുമോ ? | (സി) | ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഹ്ലെയർ പദ്ധതി ഉൾപ്പെടുന്ന പുതിയ സംരംഭങ്ങൾക്കായി ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയുടെ കീഴിൽ ഒരു പ്രത്യേക ഓഫീസ് പ്രവർത്തിക്കുന്നു. ഹ്ലെയർ പദ്ധതിയുടെ നടത്തിപ്പിനായി ഒരു പ്രോഗ്രാം ഡയറക്ടറെയും വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. അക്കാദമിക് പരിശീലനം രൂപപ്പെടുത്താനും അത് നൽകാനുമായി ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ ഡോ.എൻ.ജെ.റാവുവിന്റെ നേതൃത്വത്തിൽ ഒൻപതു പേരടങ്ങുന്ന ഒരു പരിശീലന ടീം പ്രവർത്തിക്കുന്നു. |

(ഒപ്പ്) 1/3

സെക്ഷൻ ഓഫീസർ